"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- ജീവനക്കാര്യം - ശ്രീ മഹേഷ് റ്റി. അന്യത്രസേവനത്തിനു ശേഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമനത്തിനായി കാത്തു നിന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.329/2024/AGRI തീയതി,തിരുവനന്തപുരം, 03-04-2024

---

പരാമർശം:-

1. 28/05/2023 ലെ സ.ഉ(സാധാ) നം 467/2023/കൃഷി
2. 01/06/2023 ലെ സ.ഉ(സാധാ) നം 530/2023/കൃഷി
2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 16/08/2023, 28/02/2024 തീയതികളിലെ കത്തുകൾ.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കേരഫെഡിൽ മാനേജർ (എക്സ്റ്റൻഷൻ) തസ്തികയിൽ അന്യത്ര സേവനത്തിന് തുടർച്ചാനുമതി ലഭിച്ച് ടി തസ്തികയിൽ സേവനത്തിൽ തുടർന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ.മഹേഷ്.റ്റി., അന്യത്രസേവനത്തിനു ശേഷം 06/05/2023 ന് പൂർവ്വാഹ്നത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യുകയും തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം ടിയാനെ മലപ്പുറം ജില്ലയിലെ നിലമ്പൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറായി നിയമിയ്ക്കുകയും ടിയാൻ 05/06/2023 പൂർവ്വാഹ്നം ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണെന്നും 0/02/2023 മുതൽ 24/01/2024 വരെ വകുപ്പിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഒഴിവ് നിലവിലുണ്ടായിരുന്നുവെന്നും ആയതിനാൽ ശ്രീ.മഹേഷ്.റ്റി., കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിയമനത്തിനായി കാത്ത് നിന്ന 06/05/2023 മുതൽ 04/06/2023 വരെയുള്ള കാലയളവ് ക്രമീകരിച്ചു നൽകണമെന്ന് പരാമർശം (3) കത്ത് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരഫെഡിൽ മാനേജർ (എക്സ്റ്റൻഷൻ) തസ്തികയിൽ അന്യത്രസേവനത്തിനു ശേഷം വകുപ്പിൽ റിപ്പോർട്ടു ചെയ്ത ശ്രീ.മഹേഷ്.റ്റി., കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമനത്തിനായി കാത്ത് നിന്ന 06/05/2023 മുതൽ 04/06/2023 വരെയുള്ള കാലയളവ് K.S.R. Part 1 Rule 12 (7) ന് ചുവടെയുള്ള Note 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VALSALA S D

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീ.മഹേഷ്.റ്റി., (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( AGRI-EA1/181/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ